കേരള സർക്കാർ

.

# വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ.എസ്.എ/ഇ.കെ.എം.(ബി പി.)280/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :08.03.2019

ജോയിന്റ് ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം:- വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം.
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)280/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :08.03.2019

## എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 14.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ ജി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2019 മുതൽ 21.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | ശ്രീ സജീവ്.എൻ.എം<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷാരിമോൾ.കെ.ആർ |

| | |
|---|---|
| | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ടിനു.കെ.ജെ.<br>ഓഡിറ്റർ |

.

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനം/ ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.ജോഷി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി ശ്രീദേവി കെ. നമ്പൂതിരി | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ എൻ.സി.ഷാജി | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി മഞ്ജുബാല.കെ.ടി. | 01.06.2017 മുതൽ 08.11.2017 വരെ |
| | ശ്രീ സിബി.എ.പി. | 09.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ദേവിശ്രീ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി സുജ.പി.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി ജാക്വിലിൻ ഡോമിനിക്ക് | 01.04.2017 മുതൽ 03.11.2017 വരെ |
| | ശ്രീ രതീഷ് ബാബു.സി.എസ്. | 04.11.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ടി.വി.ബാബു | 01.04.2017 മുതൽ 29.01.2018 വരെ |
| | ശ്രീമതി സലിത എസ്.വി. | 30.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ഞാറക്കൽ) | ഡോ വിമല | 01.04.2017 മുതൽ 31.03.2018 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി മറിയം ബീവി.ഒ.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി ജെറിൻ.എൻ.വി. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-11 |
| ഭാഗം 2 | | |
| 12 | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ട്രഷറിയിൽ അടച്ചിട്ടില്ല | 2-1 |
| 13 | രസീത് സൂക്ഷിക്കുന്നതിലെ അപാകത | 2-2 |
| 14 | നിരതദ്രവ്യം , സുരക്ഷിതനിക്ഷേപം ട്രഷറിയിൽ നിക്ഷേപമാക്കി മാറ്റുന്നത് സംബന്ധിച്ച് | 2-3 |
| ഭാഗം 3 | | |
| 15 | മുനമ്പം ആശുപത്രി ഫാർമസി ശീതീകരണവും പഴയ കെട്ടിടം അറ്റകുറ്റപണിയും-അപാകത | 3-1 |
| 16 | വർക്ക് ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത | 3-2 |
| 17 | ഒരേ സ്പെസിഫിക്കേഷന് - വിലയില് വ്യത്യാസം | 3-3 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 |
| 19 | പഠനമുറി പണി പൂർത്തീകരിച്ചിട്ടില്ല | 3-5 |
| 20 | പാലിന് സബ്സിഡി മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. | 3-6 |
| 21 | മരുന്നു വാങ്ങിയതിൽ അപാകത | 3-7 |
| ഭാഗം 4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 33 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 34 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് | അനുബന്ധം 3 |
| 35 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് | അനുബന്ധം 4 |

.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 27.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 03.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 26.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.10.2018 മുതൽ 06.10.2018 വരെ | കെ.എസ്.എ.ഇ.കെ.എം.(ബി.പി 2069/18 തീ. 12.10.2018 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 39595632 |
| വരവ് | 60409508 |
| ആകെ | 100005140 |
| ചെലവ് | 76529276 |
| നീക്കിയിരുപ്പ് | 23475864 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22686567 | 22686567 | 22686567 | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12117000 | 12117000 | 12117000 | | 0 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 123000 | 123000 | 123000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2892000 | 2892000 | 2892000 | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3229596 | 4805724 | 8035320 | 7623951 | 411369 | |
| UBI എടവനക്കാട് | 3183 | 123 | 3306 | 0 | 3306 | |
| IWMP | 4004620 | 8939950 | 12944570 | 12887615 | 56955 | |
| TSC SBT | 909090 | 66371 | 975461 | 379556 | 595905 | |
| SBI നായരമ്പലം സാക്ഷരത | 45321 | 0 | 45321 | 0 | 45321 | |
| SBI നായരമ്പലം | 1723737 | 165569 | 1889306 | 99040 | 1790266 | |
| MKSP UBI എടവനക്കാട് | 0 | 30155 | 30155 | 30016 | 139 | |
| IAY സംസ്ഥാന വിഹിതം UBI എടവനക്കാട് | 1495096 | 4000639 | 5495735 | 4460320 | 1035415 | |
| SBI ചെറായി ജോയിന്റ് വെഞ്ചർ | 27087445 | 3005933 | 30093378 | 11595931 | 18497447 | |
| IAY അഡ് മിൻ BOI നായരമ്പലം | 51070 | 1580 | 52650 | 51840 | 810 | |
| IAY സെൻട്രൽ ഷെയർ SBI നായരമ്പലം | 9829 | 157 | 9986 | 7700 | 2286 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 70 | 46411530 | 59 | 38614079 | 4 | 7 | 84.29% |

# 1-7 തൊഴിലുറപ്പ് പദ്ധതി.

ബാധകമല്ല.

## 1-8 ക്ഷേമപദ്ധതികൾ.

ബാധകമല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 708/-രൂപ നീക്കിയിരിപ്പുണ്ട് .

## 1-10 ആഭ്യന്തരനിയന്ത്രണം.

1. നിയമാനുസൃത ബില്ലുകളിലൂടെ മാത്രമേ പഞ്ചായത്ത് വാങ്ങലുകൾ നടത്താവൂ. മരാമത്ത് പ്രവൃത്തികളുടെ എല്ലാ വിവരവും ഉൾകൊള്ളുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഇൻക്യുബൻസി രജിസ്റ്ററിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3) രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി, വിതരണം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. പിരിച്ചെടുക്കുന്ന തുകകൾ യഥാസമയം ട്രഷറിയിൽ അടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2018 മുതൽ 23.11.2018 വരെ | 2017-18 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2014 മുതൽ 01.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 19.05.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ട്രഷറിയിൽ അടച്ചിട്ടില്ല

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച തുക ട്രഷറിയിൽ അടച്ചതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | 24/ 822 | 19.01.2019 | സെക്രട്ടറി വടക്കേ പല്ലംപിള്ളി കൃഷിസമാജം, ഞാറക്കൽ ഗുണഭോക്തൃ വിഹിതം 10HP പമ്പ് സെറ്റ് | 5200 |
| 2 | 25/ 822 | 19.01.2019 | സെക്രട്ടറി,കല്ലമാടം കൃഷി സമാജം ഗുണഭോക്തൃ വിഹിതം 10HP പമ്പ് സെറ്റ് | 8190 |
| 3 | 26/ 822 | 19.01.2019 | സെക്രട്ടറി,കരക്കംപാടം കൃഷി സമാജം ഗുണഭോക്തൃ വിഹിതം 10HP പമ്പ് സെറ്റ് | 8373 |
| 4 | 27/822 | തീയതി രേഖപ്പെടുത്തിയിട്ടില്ല. | സെക്രട്ടറി,കുറുപ്പം തോടി കൃഷി സമാജം ഗുണഭോക്തൃ വിഹിതം 30HP പമ്പ് സെറ്റ് | 53400 |
| 5 | 28/822 | തീയതി രേഖപ്പെടുത്തിയിട്ടില്ല. | സെക്രട്ടറി,കാവുങ്കൽ പൊക്കാളി കൃഷി സമാജം ഗുണഭോക്തൃ വിഹിതം 25HP പമ്പ് സെറ്റ് | 17117 |
| | | | ആകെ | 92280 |

ഇതു സംബന്ധിച്ച് 21.02.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 ന് മറുപടി ലഭ്യമാക്കിയില്ല.

## 2-2 രസീത് സൂക്ഷിക്കുന്നതിലെ അപാകത

എ) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യാ രസീത് സ്റ്റേഷനറികളുടെ വരവ്, അതിന്റെ ഉപയോഗം, നീക്കിയിരുപ്പ് വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.സാംഖ്യാ രസീത് സ്റ്റേഷനറികൾ സംബന്ധിച്ച് രജിസ്റ്ററുകൾ ഒന്നും തന്നെ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. 20.04.2017 മുതൽ 14.02.2019 വരെയുള്ള കാലയളവിൽ 0357622 മുതൽ 0357677 വരെ നമ്പർ സ്റ്റേഷനറികൾ ക്രമമായി ഉപയോഗിച്ചിട്ടുള്ളതായി രസീത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് എത്ര സ്റ്റേഷനറി ഏത് ദിവസം ലഭിച്ചെന്നോ എത്ര സ്റ്റേഷനറി ഇഷ്യൂ ചെയ്തുവെന്നോ, നീക്കിയിരുപ്പ് എത്രയെന്നോ വ്യക്തമല്ല. സാംഖ്യാ രസീത് സ്റ്റേഷനറികളുടെ വരവ്, ഉപയോഗം, നീക്കിയിരുപ്പ് വിവരങ്ങൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ബി) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത 100 വീതം രസീത് അടങ്ങിയ 291,292 നമ്പർ രസീത് ബുക്കുകൾ ഉപയോഗിക്കാതെ നിലവിൽ ബ്ലോക്ക്

പഞ്ചായത്തിൽ ഉള്ളതായി കാണുന്നു. 10.05.2012 ൽ ലഭിച്ച 820 മുതൽ 824 വരെയുള്ള രസീത് ബുക്കുകളാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ ഉപയോഗിക്കുന്നത്. ഈ ക്രമനമ്പറുമായി ബന്ധമില്ലാത്തതാണ് 291,292 നമ്പർ രസീത് ബുക്കുകൾ. ഇത് സംബന്ധിച്ച് 21.2.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന്, വർഷങ്ങൾക്ക് മുൻപ് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ചതായിരിക്കാം എന്നാണ് മറുപടി നൽകിയിരിക്കുന്നത്. മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തത് മൂലമാണ് ഇത്തരം അപാകത സംഭവിക്കുന്നത്. മാനുവൽ രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഉപയോഗിക്കേണ്ടതാണ്.

## 2-3 നിരതദ്രവ്യം, സുരക്ഷിതനിക്ഷേപം ട്രഷറിയിൽ നിക്ഷേപമാക്കി മാറ്റുന്നത് സംബന്ധിച്ച്

നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നിവ ബാങ്കിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നതു മൂലം സർക്കാരിനു നഷ്ടം സംഭവിക്കുന്നു എന്നതിനാൽ 27.08.2018 ലെ സർക്കുലർ നം 80/10/ധന പ്രകാരം വിവിധ വകുപ്പുകൾ, പഞ്ചായത്തുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കരാറുകാർ നല്കുന്ന സെക്യൂരിറ്റി നിക്ഷേപത്തിൽ DD ആയി ലഭിക്കുന്നവ പബ്ലിക് അക്കൗണ്ടിനു കീഴിലെ 8443 സിവിൽ ഡെപ്പോസിറ്റ്സ് -00-103- സെക്യൂരിറ്റി ഡെപ്പോസിറ്റ്സ് (റെസീപ്റ്റ്സ്) എന്ന കണക്കിനത്തിൽ ട്രഷറി വഴി നിക്ഷേപിക്കണമെന്നും തിരിച്ച് നൽകുന്ന സമയത്ത് പ്രസ്തുത കണക്കിനത്തിൽ നിന്നു തന്നെ തത്തുല്യ തുക നൽകാൻ സംവിധാനം ഉണ്ടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നിവ FD എന്നതിനു പകരമായി DD ആയി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുനമ്പം ആശുപത്രി ഫാർമസി ശീതീകരണവും പഴയ കെട്ടിടം അറ്റകുറ്റപ്പണിയും-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0079/17-18 |
| പ്രോജക്ടിന്റെ പേര് | മുനമ്പം ആശുപത്രി ഫാർമസി ശീതീകരണവും പഴയ കെട്ടിടം അറ്റകുറ്റപണിയും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| അടങ്കൽ | 500000 |
| കരാറുകാരൻ | ടി.എ.ബിജു |
| ചെലവ് വിവരം | 470000/-രൂപ (ബിൽ നമ്പർ- 07/17-18 തീയതി. 25.10.17) |

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ, മുനമ്പം ആശുപത്രി

ഫാർമസി ശീതീകരണവും പഴയ കെട്ടിടം അറ്റകുറ്റപണിയും നടത്തിയിരുന്നു. മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം രണ്ട് 1.5 ടൺ എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റിൽ ഒന്നിന് 46460/-രൂപ വീതം ഉൾപ്പെടുത്തിയത്. എന്നാൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ 1 എയർകണ്ടീഷണർ മാത്രമാണ് സ്ഥാപിച്ചത്. ഇതിന്റെ ഇൻവോയ്സ് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിയമാനുസൃത ഇൻവോയ്സ് ബിൽ ഹാജരാക്കുന്നത് വരെ ചെലവഴിച്ച 46460/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 വർക്ക് ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ 2017-18 വർഷം ചെലവഴിച്ച തുകകളുടെ വൗച്ചർ പരിശോധിച്ചതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ റിടെൻഷൻ തുക വിവിധ വർക്കുകളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് തിരികെ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പര്/തീയതി | വർക്കിന് വേണ്ടി റിടെൻഷൻ കുറച്ച തീയതി | തുക |
|---|---|---|---|
| പുലയ കോളനി മെറ്റലിംഗ് വാർഡ്-5 | 22/2017-18 | 19.11.2016 | 11209 |
| കൺസ്ട്രക്ഷൻ എസ്.സി.ഇൻഡസ്ട്രിയൽ ബിൽഡിംഗ് | 22/2017-18 | 31.03.2016 | 94207 |

മുൻവർഷങ്ങളിലെ റിടെൻഷൻ ഇനത്തിൽ കുറവ് വരുത്തിയ തുകകൾ തിരികെ നൽകുമ്പോൾ യാതൊരു രജിസ്റ്ററിലും രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ഇപ്രകാരം തുക അനുവദിക്കുന്നത് മൂലം ഇരട്ടിപ്പ് വരുവാനുള്ള സാധ്യതയുണ്ട്. ഇത്തരം അപാകത ഇല്ലാതിരിക്കുന്നതിന് ഒരു മരാമത്ത് പ്രവൃത്തി തുടങ്ങുന്നത് മുതൽ അതുമായി ബന്ധപ്പെട്ടുള്ള എല്ലാ വിവരവും ചേർക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-3 ഒരേ സ്പെസിഫിക്കേഷൻ - വിലയിൽ വ്യത്യാസം

2017-18 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച വിവിധ പദ്ധതികളിൽ ഡെസ്ക്ക്ടോപ്പും, മോണിറ്ററും കെ.പി.എസ്. ഇന്നൊവേഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഓരോ പദ്ധതിക്കും പ്രത്യേകം ക്വട്ടേഷന് സ്വീകരിച്ചാണ് നിർവ്വഹണം നടത്തിയത്. എന്നാൽ ഒരേ സ്പെസിഫിക്കേഷനുള്ള ഡെസ്ക്ക്ടോപ്പിനും, മോണിറ്ററിനും വിലയിൽ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | S0018/18 | S0029/18 | S0090/18 |
|---|---|---|---|
| പദ്ധതിയുടെ പേര് | ബ്ലോക്ക് വികസന കേന്ദ്രത്തിനു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചറും കമ്പ്യൂട്ടറും അനുബന്ധ സാധ | ഘടക സ്ഥാപന ങ്ങൾക്ക് ആവശ്യമായ ഫോട്ടോസ്റ്റാറ്റ് മെഷീന്, |

| | | നങ്ങളും | കമ്പ്യൂട്ടറുകൾ വാങ്ങൽ |
|---|---|---|---|
| അടങ്കൽ | 68600 | 723000 | 492000 |
| ഇൻ വോയ്സ് നം | KPS/009/17, 25.01.2018 | KPS/011/17, 23.02.2018 | KPS/015/17, 16.03.2018 |
| ഡെസ്ക്ക്ടോപ്പ് PC HP PO36lL/13/7th/4GB/ITB | 35000*1 (35000) | 35000*8 (280000) | 36000*4 (144000) |
| മോണിറ്റർ 20"HP 20KD | 9500*1 (9500) | 9500*8 (7600) | 8500*4 (34000) |

കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത നിരക്കുകൾ കോട്ട് ചെയ്താൽ നെഗോസിയേഷൻ നടത്തേണ്ടതായിരുന്നു. കൂടാതെ ഇത്തരം വാങ്ങലുകൾ ഒരുമിച്ച് നടത്തുകയും ചെയ്തിരുന്നുവെങ്കിൽ വില കുറവ് ലഭിക്കുമായിരുന്നു. ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2017-18 വർഷം വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ താഴെച്ചേർത്തിരിക്കുന്ന പദ്ധതികളുടെ ബ്ലോക്ക് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

എ)

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം | പദ്ധതിയുടെ പേര് | ഫണ്ടിനം | ബിൽ നം, തീയതി, തുക |
|---|---|---|---|---|---|
| 1. | സെക്രട്ടറി | S0035/18 | ബക്കറ്റ് കമ്പോസ്റ്റ് പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം | വികസന ഫണ്ട്-ജനറല് | 11/17-18, 31.08.2017, 1175000/- 15/17-18, 28.09.2017, 200000/- |
| 2 | | S0044/18 | പട്ടികവർഗ്ഗക്കാർക്ക് വിദേശത്ത് തൊഴിലിന് ധനസഹായം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം | വികസന ഫണ്ട് -ടി.എസ്.പി | 24/17-18, 21.11.2017, 26000/- |
| 3. | | S0028/18 | ഗാർഹിക ബയോഗ്യാസ്- 4 ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | വികസന ഫണ്ട്-ജനറൽ | 12/17-18, 31.08.2017, 900000/- (പള്ളിപ്പുറം -159375/- ഞാറക്കല് -156625/- എടവനക്കാട്-500000/- നായരമ്പലം-84000/-) |

| | | | | | |
|---|---|---|---|---|---|
| 4. | | S0088/18 | ലൈഫ് മിഷൻ ഭവന പദ്ധതി- ഫിഷറീസ് വകുപ്പിന് ബ്ലോക്ക് വിഹിതം | വികസന ഫണ്ട്- ജനറൽ | 43/17-18, 14.03.2018 525000/- |
| 5. | | S0087/18 | ലൈഫ് മിഷൻ ഭവന പദ്ധതി- എടവനക്കാട് ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം | വികസന ഫണ്ട് -ടി.എസ്.പി | 39/17-18, 28.02.2018 44735/- 41/17-18, 09.03.2018 448967/- |
| 6. | പട്ടികജാതി വികസന ഓഫീസർ | S0079/18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | വികസന ഫണ്ട് - എസ്.സി.പി | 5/17-18, 19.10.2017, പള്ളിപ്പുറം 1000000/- 9/17-18, 05.01.2018 എടവനക്കാട് 1588000/- 7/17-18, 31.10.2017 നായരമ്പലം 1000000/- കുഴുപ്പിള്ളി 600000/- 8/17-18, 31.10.2017 ഞാറക്കല് 1000000/- |
| 7. | | S0079/18 | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം- എടവനക്കാട് ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം | വികസന ഫണ്ട് - എസ്.സി.പി | 200000/- |

ബി

| | |
|---|---|
| പദ്ധതി നം | S0020/18 |
| പദ്ധതിയുടെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ബ്ലോക്ക് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| ബിൽ നം, തീയതി, തുക | |
| 5/17-18, 26.3.2018, | പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന് 150000/- |
| 2/17-18, 18.10.2017 | എടവനക്കാട് ഗ്രാമ പഞ്ചായത്തിന് 175000/- |
| 1/17-18, 31.08.2017 | നായരമ്പലം ഗ്രാമ പഞ്ചായത്തിന് 250000/- പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന് 350000/- |

എടവനക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും 173826/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം

ലഭിച്ചിട്ടുണ്ട്. 175000-173826 ബാക്കി 1174/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും 438051/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. 500000-438051 ബാക്കി 61949/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 3-5 പഠനമുറി പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി നം | എസ് 0015/18 |
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- സ്പിൽഓവർ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 324558 |
| ചെലവ് | 230000/- |

2016-17 വർഷത്തിൽ ആരംഭിച്ച പദ്ധതി സ്പിൽ ഓവറായാണ് 2017-18 വർഷം നടപ്പാക്കിയത്. പദ്ധതി പ്രകാരം ശ്രീ ഷാബു. കെ.എസ്. കുട്ടപ്പരക്കൽ അയ്യമ്പിള്ളിയും, ശ്രീമതി സാവിത്രി ലോഹിതാക്ഷൻ കരീച്ചാപ്പിള്ളിത്തറയും 75000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പഠനമുറിയുടെ പണിപൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജി.ഒ.(ആർ.ടി) 1683/17തി.25.3.2017 പ്രകാരം പഠനമുറി ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കേണ്ടത്. പദ്ധതികൾ തയ്യാറാക്കുമ്പോൾ ആയത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പാലിന് സബ്സിഡി മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0034/18 |
| പ്രോജക്ടിന്റെ പേര് | പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫിസർ |
| അടങ്കൽ | 2194089 |
| ചെലവ് വിവരം | ആകെ ചെലവ് 2194089/-രൂപ |

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ 2017-18 വർഷം വിവിധ പഞ്ചായത്തുകൾക്ക് പാലിന് സബ്സിഡി ഇനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ച ഫണ്ട് മുഴുവനായി ചെലവഴിക്കുകയോ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | സബ്സിഡിയിനത്തിൽ നൽകിയ തുക | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | 1574089 | 1364911 | 209178 |

| | | | | |
|---|---|---|---|---|
| 2 | കുഴപ്പിള്ളി ഗ്രാമ പഞ്ചായത്ത് | 200000 | 198657 | 1343 |
| 3 | നായരമ്പലം ഗ്രാമപഞ്ചായത്ത് | 200000 | 126624 | 73376 |
| 4 | ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്ത് | 70000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | |
| 5 | എടവനക്കാട് ഗ്രാമപഞ്ചായത്ത് | 150000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | . |
| | ആകെ | 2194089 | 1690192 | |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-7 മരുന്നു വാങ്ങിയതിൽ അപാകത

മെഡിക്കൽ ഓഫിസർ, കമ്മൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ 021/2017-18, 022/2017-18 പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസിൽ നിന്നും മരുന്നു വാങ്ങിയിരുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ /തീയതി |
|---|---|---|---|
| മുനമ്പം,അയ്യമ്പിള്ളി,ഞാറക്കൽ ഗവണ്മെന്റ് ആശുപത്രികളിൽ വൃദ്ധർക്കായി മരുന്നു വാങ്ങൽ (പൊതു വിഭാഗം) | 225000 | 225000 | 12/17-18 /08.02.18 |
| മുനമ്പം,അയ്യമ്പിള്ളി,ഞാറക്കൽ ഗവണ്മെന്റ് ആശുപത്രികളിൽ വൃദ്ധർക്കായി മരുന്നു വാങ്ങൽ (പട്ടിക ജാതി) | 350000 | 350000 | 18/17-18 /17.03.18 |
| ആകെ | 575000 | 575000 | |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് മരുന്നു വാങ്ങിയിരുന്നുവെങ്കിലും ഡി.എം.ഒ. യിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കേറ്റ് ലഭ്യമാക്കിയിരുന്നില്ല. ഇത്തരം വാങ്ങലുകൾക്ക് ഡി.എം.ഒ.യിൽ നിന്നും എൻഎസി നിർബന്ധമായും വാങ്ങേണ്ടതാണ്. കൂടാതെ 168561/-രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്ന് സമയബന്ധിതമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| കുഴപ്പിള്ളി ഗ്രാമ പഞ്ചായത്ത് | 2017-18 | 914166 | 210000 | PMAY | 340000 | 784166 |
| പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | 2017-18 | 3018340 | - | PMAY | 805000 | 2213540 |
| എടവനക്കാട് ഗ്രാമപഞ്ചായത്ത് | 2017-18 | 2958896 | - | PMAY | 1000000 | 1958896 |
| നായരമ്പലം ഗ്രാമ പഞ്ചായത്ത് | 2017-18 | 1815051 | 40000 | PMAY | 345000 | 1510051 |
| ഞാറക്കൽ ഗ്രാമ പഞ്ചായത്ത് | 2017-18 | 1540546 | 100000 | PMAY | 100334 | 1540125 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല .

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 3-4 | 10675 | പുതുവൈപ്പ് പട്ടികജാതി പട്ടികവർഗ വ്യവസായ സഹകരണസംഘം കൃഷിപ്പാടം ആഴം വർദ്ധിപ്പിക്കുന്നത് | തുക അടവാക്കാൻ ശേഷിക്കുന്നു. |
| | 3-5 | 85000 | കൃഷിസമാജങ്ങൾക്ക് യന്ത്രോപകരണം | " |
| | 3-6 | 18750 | മുനമ്പം ഗവ.ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ | " |
| | 3-7 | 43750 | മാലിപ്പുറം സി എച്ച് സി സൗകര്യം വർദ്ധിപ്പിക്കൽ | " |
| 2007-08 | 3-9 | 7581 | നായരമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 9 എസ്.സി കോളനി സാംസ്കാരിക നിലയം ടൈൽ വിരിച്ചതിന് അധിക നിരക്ക് | " |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥാനം, ഭരണ വകുപ്പ് | തിയും | | | | | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60409508 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76529276 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46460 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 46460/- | ശ്രീമതി മഞ്ജുബാല<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-1 | 150000/- | ശ്രീ ടി.വി. ബാബു,<br>പട്ടിക ജാതി വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മഞ്ജുബാല കെ.ടി.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ, വൈപ്പിൻ | സൗപർണ്ണിക,<br>അക്കാട്ട് ബൈലെയിൻ, |

| | | |
|---|---|---|
| എഞ്ചിനീയർ | ബ്ലോക്ക് പഞ്ചായത്ത് | 11, തോട്ടക്കാട്ടുക്കര, ആലുവ |
| ടി.വി. ബാബു, പട്ടികജാതി വികസന ഓഫീസർ | അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് ഓഫീസർ, ഇടുക്കി | തട്ടാരുപറമ്പിൽ ഹൗസ്, സൗത്ത് അടുവാശ്ശേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98<br>1998-99 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 1999-2000 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2000-01<br>2001-02 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2002-03 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2003-04 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 2004-05 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2005-06 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2006-07 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2007-08 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2) 734/13 , 13.6.13 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 326/12 , 13.9.12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 2175/13 , 6.3.14 |
| 2011-12 | എൽ.എഫ്.ഇ. (ബി.പി.2) 2175/13 , 6.3.14 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.2) 262/2014 /15.3.14/ 11.4.14 |
| 2013-14 | എൽ.എഫ്.ഇ. (ബി.പി.2)225/ 2015/ 11.2.15/8.4.15 |
| 2014-15&2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1597/2016,1.10.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)2290/2017/,06.12.2017 |

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

.

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.
(ബി.പി)280/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി: 8.3.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്